# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1534

11.2.2013-ൽ മറുപടിക്ക്

## ക്ഷീരകർഷകരെ രക്ഷിക്കാനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റയുടെ ദൗർലഭ്യവും വിലവർദ്ധനവും മൂലം ക്ഷീരോത്പാദന മേഖല ഇപ്പോൾ തകർച്ചയിലാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടുവോ; വിശദമാക്കുമോ; | (എ) ഇല്ല. കാലിത്തീറ്റ ദൗർലഭ്യവും വിലവർദ്ധനവും ക്ഷീരകർഷകരെ ബാധിക്കാതിരിക്കാൻ നിലവിൽ ക്ഷീരസംഘങ്ങൾ മുഖേന സർക്കാർ ധനസഹായത്തോടെ ആവശ്യത്തിന് കാലിത്തീറ്റ വിതരണം നടത്തിവരുന്നുണ്ട്. |
| (ബി) ക്ഷീരകർഷകരെ രക്ഷിക്കാനായി പാൽ വില ലിറ്ററിന് 5 രൂപ കൂട്ടിയതുമൂലവും അതോടൊപ്പം കാലിത്തീറ്റയുടെ വില വർദ്ധന മൂലവും ക്ഷീരകർഷകരും ഉപഭോക്താക്കളും വിലവർദ്ധന നേരിടുന്നത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) കാലിത്തീറ്റയുടെ വില വർദ്ധനവ് പരിഹരിക്കുന്നതിനുവേണ്ടി കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. തീറ്റച്ചെലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കുന്നതോടൊപ്പം ഗുണനിലവാരമുള്ളതും ശുദ്ധവുമായ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) ചൂട് കനത്തതോടെ ഡിസംബർ, ജനുവരി മാസങ്ങളിൽ പാലുല്പാദനത്തിൽ ശരാശരി എത്ര ലിറ്ററിന്റെ കുറവാണ് വന്നിട്ടുള്ളത്; | (സി) ചൂട് കനത്തതോടെ സാധാരണ ഗതിയിൽ 5-10% വരെ പാലുല്പാദനത്തിൽ കുറവ് വരുന്നതായിട്ടാണ് കണ്ടു വരുന്നത്. ഡിസംബർ, ജനുവരി മാസത്തെ കണക്ക് ശേഖരിച്ച് വരുന്നു. |
| (ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ലിറ്റർ പാൽ വിവിധ ഏജൻസികൾ വഴി ഉത്പാദിപ്പിക്കുന്നു; പ്രതിദിനം എത്ര ലിറ്റർ പാൽ സംസ്ഥാനത്ത് ആവശ്യമുണ്ട്; ബാക്കിയുള്ള പാൽ എപ്രകാരം സ്വരൂപിക്കുന്നു; വിശദമാക്കുമോ ; | (ഡി) സംസ്ഥാനത്ത് നിലവിൽ ശരാശരി 80.54 ലക്ഷം ലിറ്റർ പാൽ വിവിധ ഏജൻസികൾ വഴി ഉത്പാദിപ്പിക്കുന്നുണ്ട്. പ്രതിദിനം സംസ്ഥാനത്ത് 85 ലക്ഷം ലിറ്റർ പാൽ ആവശ്യമുണ്ട്. ബാക്കി ആവശ്യമുള്ള പാൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും സ്വരൂപിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് 50 % സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ക്ഷേമനിധി ബോർഡിലേയ്ക്ക് വാഗ്ദാനം ചെയ്ത ഒരു കോടി രൂപ കഴിയുന്നത്ര വേഗത്തിൽ നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ഇ) | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് 50 % സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ക്ഷേമനിധി ബോർഡിന് ഫണ്ട് നൽകുന്നകാര്യം പരിശോധിക്കാവുന്നതാണ്. |
| (എഫ്) | ക്ഷീര കർഷകർക്ക് പെൻഷൻ 1,000/- രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എഫ്) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും കർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിച്ചുവരികയാണ്. |
| (ജി) | ക്ഷീര കർഷകർക്ക്, പാൽ വില കൂട്ടുമ്പോൾ പ്രഖ്യാപിച്ച നിലയിൽ കാലിത്തീറ്റ നൽകുവാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ജി) | ക്ഷീര കർഷകർക്ക് നിലവിൽ ലിറ്ററിന് 80 പൈസനിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. കൂടാതെ മേഖലാ യൂണിയനുകളും കാലിത്തീറ്റ സബ്സിഡി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.